# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**


പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 21-12-2013

## പരീക്ഷകൾ പ്രഹസനമാക്കിയത് പൊതുവിദ്യാഭ്യാസം തകർക്കാൻ

### -കെ എസ് ടി എ

സ്കൂളുകളിലെ ക്രിസ്തുമസ് പരീക്ഷകൾ പ്രഹസനമാക്കിയത് പൊതുവിദ്യാലയങ്ങളുടെ വിശ്വാസ്യത ഇല്ലാക്കാൻവേണ്ടി സർക്കാർ കരുതിക്കൂട്ടി ചെയ്തതാണെണെന്ന് കെ എസ് ടി എ സംസ്ഥാന കമ്മിറ്റി ആരോപിച്ചു. കഴിഞ്ഞ വർഷത്തെ ചോദ്യപേപ്പറുകൾ വർഷംപോലും മാറ്റാതെ ഈ വർഷവും അച്ചടിച്ചുകൊടുത്തത് ഇതിന് ഏറ്റവും നല്ല തെളിവാണ്. കഴിഞ്ഞ വർഷത്തെ ചോദ്യങ്ങൾ നമ്പറുകൾ പരസ്പരം മാറ്റിയാണ് എട്ടാം ക്ലാസുകളിൽ ഇക്കൊല്ലം നൽകിയത്. ഒൻപതാം ക്ലാസിൽ എല്ലാ വിഷയങ്ങൾക്കും കഴിഞ്ഞ വർഷത്തെ ചോദ്യപേപ്പറുകൾ അതേപടി നൽകുകയായിരുന്നു. പത്താംക്ലാസിലെ പരീക്ഷകൾ ഗൗരവത്തോടുകൂടിയാണ് നാളിതുവരെ കണ്ടിട്ടുള്ളത്. അതിൽപ്പോലും മുൻ വർഷങ്ങളിലെ ചോദ്യപേപ്പറുകൾ ആവർത്തിച്ചുവെന്നത് പൊറുക്കാൻ കഴിയാത്ത തെറ്റാണ്. നാൽപത് ലക്ഷത്തോളം കുട്ടികളാണ് പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്നത്. അവരുടെ പരീക്ഷയുടെ വിശ്വാസ്യത ഇല്ലാതാക്കുന്നതിന് നേതൃത്വം കൊടുത്ത വിദ്യാഭ്യാസ മന്ത്രി വിദ്യാർത്ഥികളോട് മാപ്പു പറയേണ്ടതാണ്. പരീക്ഷകൾ കഴിഞ്ഞതോടെ കുട്ടികൾ കടുത്ത മാനസിക സംഘർഷത്തിലാണ്. കഴിഞ്ഞ വർഷം തയ്യാറാക്കിയ മൂന്ന് സെറ്റ് ചോദ്യപേപ്പറുകളിൽ ഒരു സെറ്റ് ഈ വർഷം ഉപയോഗിക്കണമെന്ന് ഡയറക്ടർ സർക്കുലർ നൽകി എന്ന വാർത്ത ഏവരെയും അമ്പരപ്പിക്കുന്നതാണ്. പരീക്ഷാ കമ്മീഷണർകൂടിയായ പൊതുവിദ്യാഭ്യാസ ഡയറക്ടർ വിദ്യാഭ്യാസ വകുപ്പിന്റെ മാത്രം ചുമതലയുള്ളയാളല്ല. അക്കാദമിക് കാര്യങ്ങൾ ശ്രദ്ധിക്കാൻ ആവശ്യത്തിന് വിദ്യാഭ്യാസ ഓഫീസർമാരില്ലാത്തതും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാനിടയാക്കും. പൊതുവിദ്യാഭ്യാസ വകുപ്പിനെ നിഷ്ക്രിയമാക്കി പരീക്ഷകളെപ്പോലും അവതാളത്തിലാക്കുന്ന സർക്കാർ നടപടികൾ തിരുത്തി കുറ്റക്കാർക്കെതിരെ നടപടിയെടുക്കണമെന്ന് ജനറൽ സെക്രട്ടറി എം ഷാജഹാൻ ആവശ്യപ്പെട്ടു.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി